മലയാളത്തിലെ ആദ്യ ആർക്കിടെക്ചർ മാഗസിൻ

# ഡിസൈനർ + ബിൽഡർ

DESIGNER + BUILDER

2019 September | Vol. 16 | Issue 172 | Price ₹60/-



## പ്രളയം ബാധിക്കാത്ത വീടുകൾ
## ചെലവ്: 8 – 12 ലക്ഷം

പ്രളയാനന്തരം

**കേരളത്തിലെ പ്രളയദുരന്തം – മനുഷ്യനിർമ്മിതമോ?**
ആർക്കിടെക്റ്റ് എസ്. ഗോപകുമാർ

**എന്താകണം നവകേരള നിർമ്മിതി?**
പത്മശ്രീ ജി. ശങ്കർ

**ഉരുൾപൊട്ടലിന്റെ ഉൾവശം**
ആർക്കിടെക്റ്റ് ബിലേ മേനോൻ

**ആവശ്യമുള്ളതു മാത്രം എടുക്കുക**
സി. ആർ. നീലകണ്ഠൻ

ഓണാശംസകൾ...
**17 വീടുകൾ**

കവർസ്റ്റോറി/റെസിഡൻഷ്യൽ ആർക്കിടെക്ചർ

**മധ്യവർത്തി**
ആർക്കിടെക്റ്റ് കുഞ്ചൻ ഗർഗ് &
ആർക്കിടെക്റ്റ് രാജശേഖരൻ

ഇന്റീരിയർ ഡെക്കോർ

**ധർമ്മമനുസരിച്ചാവാം ഇന്റീരിയർ**
ആർക്കിടെക്റ്റ് മുഹമ്മദ് അഫ്നാൻ

# വാട്ടർ ഫ്രണ്ട് ഹോളിഡേ ഹോം

## വാസ്തുശാസ്ത്രപ്രകാരം നിർമ്മിച്ച ഈ അവധിക്കാല വസതിയിൽ കനാലിലേക്ക് നോട്ടമെത്തുംവിധം പരമാവധി മുറികൾ ഒരുക്കിയിരിക്കുന്നു



ടെക്സ്റ്റ്:
**ടീം ഡിസൈനർ**

ഫോട്ടോഗ്രാഫി:
**അജീബ് കൊമാച്ചി**

വിവിധ ശൈലി ഘടകങ്ങൾ സമന്വയിപ്പിച്ച് വൈറ്റ്, ഗ്രേ നിറക്കൂട്ടിലൊരുക്കിയ വീടാണിത്. ആധുനിക സൗകര്യങ്ങളെല്ലാം ഒത്തിണങ്ങിയ ഈ വീട് പടുത്തുയർത്തിയത് ആർക്കിടെക്റ്റ് ദമ്പതിയായ അനൂപ് ചന്ദ്രനും, മനീഷ അനൂപും (അമാക് ആർക്കിടെക്റ്റ്സ് തൃശൂർ) ആണ്. ഈ വീടിന്റെ മുൻവശത്തുനിന്നുള്ള കനോലി കനാലിന്റെയും പിന്നിൽ നിന്നുള്ള ചേറ്റുവ പാലത്തിന്റെയും ദൃശ്യം ഏറെ ചേതോഹരമാണ്. പ്ലോട്ടിലുണ്ടായിരുന്ന തെങ്ങുകളിൽ ഒന്നുപോലും വെട്ടാതെയാണ് വാസ്തുശാസ്ത്രപ്രകാരം ഈ അവധിക്കാല വസതി നിർമ്മിച്ചത്. കനോലി കനാലിലേക്ക് നോട്ടമെത്തുംവിധം പരമാവധി മുറികൾ ഒരുക്കി എന്നതാണ് ഈ വീടിന്റെ പ്രധാന സവിശേഷത. കനാലിന്റെ സൗന്ദര്യം ആവോളം നുകരാനാണ് ബോക്സ് മാതൃക ഉൾപ്പെടുത്തിയ എലിവേഷനിൽ ടഫൻ



ആർക്കിടെക്റ്റ് ദമ്പതിയായ
അനൂപ് ചന്ദ്രൻ, മനീഷ അനൂപ്



ഡ് ഗ്ലാസ് പാനലുകൾ സമൃദ്ധമായി ഉപയോഗിച്ചത്. വീടിന്റെ പുറംകാഴ്ച തടസ്സപ്പെടാതിരിക്കാനാണ് തുറസ്സുകൾ ഉൾപ്പെടുത്തിയ ചുറ്റുമതിൽ ഉയരം കുറച്ചു കെട്ടിയത്. വിശാലമായ പൂമുഖത്തിന്റെ വശത്തുള്ള പോർച്ചിൽ ഒരേ സമയം രണ്ടു കാറുകൾ പാർക്ക് ചെയ്യാനാകും. ഫോർമൽ ലിവിങ്ങിന്റെ പിന്നിലുള്ള വിശാലമായ ഹാളിന്റെ വിവിധ ഭാഗങ്ങളിലായാണ് ഡൈനിങ്ങും ഫാമിലി ലിവിങ്ങും സ്റ്റെയർകേസും ക്രമീ

**ഫോർമൽ ലിവിങ്**
ടെക്സ്ചർ പെയിന്റ് ചെയ്ത ഭിത്തിയാണ് ഫോർമൽ ലിവിങ്ങിൽ എടുത്ത് നിൽക്കുന്നത്. വുഡ് മെറ്റൽ ജാളി കോമ്പിനേഷൻ പാർട്ടീഷനാണ് ഫോർമൽ ലിവിങ്ങിനെ മറ്റിടങ്ങളിൽ നിന്ന് വേർതിരിക്കുന്നത്. നാനോ വൈറ്റ് സ്ലാബുകളും ബ്രസീലിയൻ ഗ്രനൈറ്റുമാണ് പ്രധാന ഫ്ളോറിങ് സാമഗ്രികൾ.
V





^
**ഡൈനിങ്**
തേക്കിൻ തടിയിൽ തീർത്ത ഫർണിച്ചറാണ് ഡൈനിങ്ങിലുള്ളത്. ബോക്സ് ഡിസൈൻ സീലിങ്ങിൽ സ്പോട്ട് ലൈറ്റുകളും ഇടംപിടിച്ചിട്ടുണ്ട്. ടെക്സ്ചർ പെയിന്റ് ചെയ്തും നിഷുകൾ ഉൾപ്പെടുത്തിയുമാണ് ഡൈനിങ്ങിന്റെ പിന്നിലെ ഭിത്തി ഹൈലൈറ്റ് ചെയ്തത്.

**ഫാമിലി ലിവിങ്**
ഫാമിലി ലിവിങ്ങിൽ നിന്നാരംഭിക്കുന്ന മെറ്റൽ ഗോവണിയുടെ പടവുകൾക്ക് വുഡൻ ഫിനിഷ് നൽകിയിരിക്കുന്നു. ഗോവണിയുടെ തുടർച്ചയെന്നോണം ഒരുക്കിയ ഇൻബിൽറ്റ് സീറ്റും ഇവിടെയുണ്ട്.
V

പ്രെയർ ഏരിയയുടെ കവാടത്തിൽ തടിയിൽ തീർത്ത ജാളിവർക്ക് നൽകിയത് വ്യത്യസ്തതയാണ്.
V







വീടിനുള്ളിൽ ഇരുന്നു തന്നെ പ്രകൃതിഭംഗി ആവോളം നുകരത്തക്കവിധത്തിലും ഉപയുക്തതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടും ഒരുക്കിയ വീടാണിത്

< ഉപയുക്തതയ്ക്ക് പ്രാമുഖ്യമുള്ള അപ്പർ ലിവിങ്





^ എക്സ്റ്റേണൽ കോർട്ട്യാർഡിലേക്ക് നോട്ടമെത്തുംവിധം ഡൈനിങ്ങിലൊരുക്കിയ സിറ്റിങ് സ്പേസ്.

↰ അപ്പർ ലിവിങ്ങിനനുബന്ധമായുള്ള ബാൽക്കണി.



< മാസ്റ്റർ ബെഡ്റൂം തേക്ക് ഫിനിഷിലാണ്. വാൾപേപ്പർ ഒട്ടിച്ചാണ് ഹെഡ്സൈഡ് വാൾ ഹൈലൈറ്റ് ചെയ്തത്.




^
കനാലിനഭിമുഖമായൊരുക്കിയ കിടപ്പുമുറിയുടെ ഭിത്തിയിൽ സ്റ്റോൺ ക്ലാഡിങ്ങെന്ന പ്രതീതി ഉണർത്തുന്ന ത്രീഡി വാൾ പേപ്പർ ഒട്ടിച്ചിരിക്കുകയാണ്.

കരിച്ചത്. അടുക്കളയ്ക്കനുബന്ധമായി വർക്കേരിയ, സ്റ്റോർ റൂം, എന്നിവയുമുണ്ട്. ഡബിൾ ഹൈറ്റ് ഫോർമൽ ലിവിങ്ങിൽ നിന്ന് നോട്ടമെത്തത്തക്ക വിധത്തിലാണ് ബാൽക്കണി ഉൾപ്പെടുത്തിയ അപ്പർ ലിവിങ് ക്രമീകരിച്ചത്. മുകൾനിലയുടെ പിൻഭാഗം ട്രസ് വർക്ക് ചെയ്ത് യൂട്ടിലിറ്റി ഏരിയയാക്കിയിട്ടുണ്ട്. ഇവിടേക്ക് പ്രവേശിക്കുന്നതിനുള്ള പ്രത്യേക ഗോവണിയും വീടിന്റെ പിൻഭാഗത്തുണ്ട്. ഇവിടുത്തെ മാസ്റ്റർ ബെഡ്റൂം ഒഴികെയുള്ള മൂന്ന് കിടപ്പുമുറികളും കനാലിന് അഭിമുഖമായാണ് ഒരുക്കിയിരിക്കുന്നത്. ചേറ്റുവ പാലത്തിലേക്ക് നോട്ടമെത്തും വിധമാണ് മാസ്റ്റർ ബെഡ്റൂമിന്റെ സ്ഥാനം. വീട്ടകത്തെ തടിപ്പണികൾക്കെല്ലാം നിലമ്പൂർ തേക്കാണ് സമൃദ്ധമായി ഉപയോഗിച്ചത്. പുൽത്തകിടിക്കൊപ്പം പേവിങ് ടൈലുകളും പെബിളുകളും ഉൾപ്പെടുത്തി മിതമായ രീതിയിലാണ് ലാൻഡ്സ്കേപ്പിങ് ചെയ്തത്. പ്രകൃതിഭംഗി ആവോളം നുകരത്തക്കവിധം ഉപയുക്തതയ്ക്ക് പ്രാധാന്യം നൽകി ഒരുക്കിയ വീടാണിത്. ■


**കിടപ്പുമുറികൾ**
ഹെഡ്സൈഡ് വാളിൽ വാൾപേപ്പറൊട്ടിച്ചൊരുക്കിയ കിടപ്പുമുറികളിലെല്ലാം പ്രത്യേക ഡ്രസിങ് ഏരിയകളും വർക്ക് സ്പേസും ഉണ്ട്
V








ഗ്രൗണ്ട് ഫ്ളോർ പ്ലാൻ




ഫസ്റ്റ് ഫ്ളോർ പ്ലാൻ

| PROJECT DETAILS | |
|---|---|
| Architect | Ar.Anoop Chandran &<br>Ar.Maneesha Anoop<br>Amac Architects<br>Interior Vasthu Consultants<br>Tripprayar P .O<br>Nattika -680566, Trissur<br>Mob: 9995000222 |
| Owner | Prasandan |
| Location | Chettuva, Thrissur |
| Year Of Completion | 2018 |
| Site Area | 13.05 Cents |
| Built Area | 4217 Sq.Ft |
| Interior Contractor | Riyaz<br>D.O.C Interiors<br>Kodungalloor<br>9846161051 |

**കിച്ചൻ**

പ്ലൈവുഡ് ലാമിനേറ്റ് കോമ്പിനേഷനിലൊരുക്കിയ 'L' ഷേപ്പ് കിച്ചൻ വൈറ്റ് മെറൂൺ കളർ തീമിലാണ്. ബ്രേക്ക് ഫാസ്റ്റ് ടേബിളും കിച്ചന്റെ ഭാഗമാണ്. ഇവിടുത്തെ ഭിത്തിയിൽ മുഴുനീളത്തിൽ വാൾടൈൽ ഒട്ടിച്ചിരിക്കുകയാണ്.



പ്രശാന്തൻ

